II ഇ.ബി. XV-കേരള നിയമസഭ/III-19

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 നവംബർ 10, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

58 (*541) പൊതുമരാമത്ത് പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിരത്ത്/പാലങ്ങൾ വിഭാഗങ്ങളുടെ കീഴിൽ കാര്യക്ഷമമായ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ടെണ്ടർ നടപടികൾ സുതാര്യവും ലളിതവുമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും E-Tendering System, PRICE Software എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഫയർ ഫൈറ്റിംഗ്

വിംഗുകളുടെ എസ്റ്റിമേറ്റുകൾ ക്രോഡീകരിച്ച് ഒറ്റ കരാറുകാരനെ ഏൽപ്പിക്കാൻ Composite Tender ആരംഭിച്ചിട്ടുണ്ട്. വകുപ്പിനുകീഴിലെ എല്ലാ പ്രവൃത്തികളും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെയും പ്രധാന പ്രവൃത്തികൾ ഉന്നത ഉദ്യോഗസ്ഥരുടെയും മേൽനോട്ടത്തിൽ ചെയ്തുവരുന്നുണ്ട്. പ്രവൃത്തികളിൽ കാലതാമസം വരുത്തുന്ന കരാറുകാരുടെ കാലാവധി പിഴയോട്ടുകൂടി ദീർഘിപ്പിച്ചു നൽകുകയും തുടർന്നും കാലതാമസം വരുത്തുന്ന കരാറുകാരെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തിനും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനുമായി ഡിസ്ട്രിക്റ്റ് ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ കൃത്യമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന് പ്രോജക്റ്റ് മാനേജ്മെന്റ് സിസ്റ്റവും പ്രവൃത്തികൾക്ക് വർക്കിംഗ് കലണ്ടർ സംവിധാനവും കൊണ്ടുവരുന്നതാണെന്നും കണ്ണൂർ നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും കോട്ടയം ജില്ലയിലെ വെള്ളൂത്തുരുത്തി പാലം നിർമ്മാണത്തിനും നടപടി സ്വീകരിച്ചുവരികയാണെന്നും പൈപ്പുകളും മറ്റും

സ്ഥാപിക്കുന്നതിനായി പൊളിക്കേണ്ടിവരുന്ന റോഡുകൾ ബന്ധപ്പെട്ടവർതന്നെ പൂർവ്വസ്ഥിതിയിലാക്കണമെന്ന ഉത്തരവ് നിലവിലുണ്ടെന്നും കിഫ്ബിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിച്ചിട്ടുണ്ടെന്നും ഓൺലൈൻ ബുക്കിംഗിലൂടെ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റെസ്റ്റ് ഹൗസുകളിൽ 991 പേർ മുറിയെടുക്കുകയും 576926 രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

59 (*542) വിദ്യാകിരണം പദ്ധതി

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എല്ലാ വിഭാഗം കുട്ടികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കി ഓൺലൈൻ പഠനം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് 'വിദ്യാകിരണം' പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. പദ്ധതി നിർവ്വഹണത്തിലൂടെ ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കേണ്ട കുട്ടികളുടെ എണ്ണം 3.53 ലക്ഷമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 3.44 ലക്ഷം കുട്ടികൾക്ക് ലാപ്ടോപ് നൽകുന്നതിനുള്ള ഫണ്ട് ശേഖരണം നടന്നുവരികയാണെന്നും പദ്ധതിയുടെ

ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് സി.എം.ഡി.ആർ.എഫ്.-ൽ നിന്നാണ് തുക കണ്ടെത്തിയിട്ടുള്ളതെന്നും 'വിദ്യാശ്രീ' പദ്ധതിയിൽ ലഭ്യമായ 45313 ലാപ്ടോപ്പുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് വിതരണം ചെയ്തുവരുന്നുണ്ടെന്നും 'വിദ്യാകിരണം' പദ്ധതി പ്രകാരം പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിന് ഐ.ടി.മിഷൻ രണ്ട് തവണ ടെണ്ടർ ക്ഷണിക്കുകയും മുൻനിര ലാപ്ടോപ്പ് നിർമ്മാതാക്കൾ സമർപ്പിച്ച തുക അധികമായതിനാൽ റീടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം കുട്ടികൾക്ക് അദ്ധ്യാപകരുമായി നേരിട്ട് സംവദിക്കുന്നതിന് ഓൺലൈൻ ജി-സ്യൂട്ട് സംവിധാനമേർപ്പെടുത്തുകയും 53399 അദ്ധ്യാപകർക്കും 11.82 ലക്ഷം വിദ്യാർത്ഥികൾക്കും പ്രത്യേക ലോഗിൻ ഐ.ഡി നൽകുകയും ചെയ്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലെ ലാബ്/ലൈബ്രറി എന്നിവയുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമെന്നും പുതിയ ബാച്ചുകൾ ആരംഭിക്കുന്നതോടെ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ച മുഴുവൻ കുട്ടികൾക്കും അഡ്മിഷൻ ലഭിക്കുമെന്നും സ്കൂൾ/ബാച്ച് മാറ്റത്തിന് പ്രത്യേക അനുമതി നൽകുമെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മന്ത്രി വ്യക്തമാക്കി. നിയതമായ മാനദണ്ഡങ്ങൾ പാലിച്ചുമാത്രമേ സർക്കാരിന് പഠനോപകരണങ്ങൾ വാങ്ങിനൽകാൻ കഴിയുകയുള്ളൂവെന്നും എല്ലാ കുട്ടികൾക്കും താമസംവിനാ ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുമെന്നും ഉപചോദ്യത്തിലിടപെട്ട് മുഖ്യമന്ത്രി വ്യക്തമാക്കി.